<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2313</u> <u>09-02-2023 - ൽ മറുപടിയ്ക്ക്</u>

<u>വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മേച്ചിൽപ്പുറം പുറമ്പോക്ക് നിവാസികൾക്ക് പട്ടയം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മേച്ചിൽപ്പുറം പുറമ്പോക്ക് നിവാസികളുടെ പട്ടയ അപേക്ഷകളിന്മേൽ തദ്ദേശസ്വംഭരണ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ഗ്രാമപഞ്ചായത്തിലെ അശ്വിൻദാസ്, ഷൈലജ എന്നിവരുടെ പട്ടയ അപേക്ഷകളിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പട്ടയം നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ വരന്തരപ്പിള്ളി വില്ലേജിലെ സർവെ നം.360-ൽപ്പെട്ട 0.0587 ഹെക്ടർ സ്ഥലം ശ്രീ. അശ്വിൻദാസ് എന്നവർക്കും, സർവെ നം.360-ൽപ്പെട്ട 0.0202 ഹെക്ടർ സ്ഥലം ശ്രീമതി. ഷൈലജ എന്നവർക്കും പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ടി ഭൂമി സർക്കാരിൽ പുനർനിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച് അഭിപ്രായം ലഭ്യമാക്കുന്നതിലേയ്ക്കായി RC1/120/2021/LSGD നമ്പർ ഫയൽ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. ആയതിന്മേൽ റവന്യൂ വകുപ്പിൽ നിന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് നിയമ വകുപ്പിന്റെ അഭിപ്രായം കൂടി ലഭ്യമാക്കി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ